REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 31-05-2025 സമയം 12.30 PM

## പ്രധാന വാർത്തകൾ

- പ്രധാനമന്ത്രി നരേന്ദ്ര മോദി മധ്യപ്രദേശിൽ. നിരവധി വികസന പദ്ധതികൾക്ക് അദ്ദേഹം തുടക്കം കുറിക്കും.
- സംസ്ഥാനത്ത് മഴ തുടരുന്നു. കാസർകോട്, കണ്ണൂർ, എറണാകുളം, ആലപ്പുഴ ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത.
- ഇടത്, വലത് മുന്നണികൾ സ്ഥാനാർഥികളെ പ്രഖ്യാപിച്ചതോടെ നിലമ്പൂരിൽ തിരഞ്ഞെടുപ്പ് രംഗം സജീവം.
- ഏഴിമല നാവിക അക്കാഡമിയിൽ 187 കേഡറ്റുകൾ പരിശീലനം പൂർത്തിയാക്കി പുറത്തിറങ്ങി.
- IPL ക്രിക്കറ്റിൽ നാളെ പഞ്ചാബ് കിംഗ്സ് , മുംബൈ ഇന്ത്യൻസ് പോരാട്ടം.

## വാർത്തകൾ വിശദമായി

പ്രധാനമന്ത്രി നരേന്ദ്ര മോദി മധ്യപ്രദേശിലെത്തി. ദേവി അഹല്യഭായ് ഹോൾക്കറുടെ 300-ാം ജന്മവാർഷികത്തോടനുബന്ധിച്ച്, ഭോപ്പാലിൽ നടക്കുന്ന മഹിളാ സശക്തികരൺ മഹാസമ്മേളനത്തിൽ പ്രധാനമന്ത്രി പങ്കെടുക്കും.

കൂടാതെ നിരവധി വികസന പദ്ധതികളുടെ ഉദ്ഘാടനവും തറക്കല്ലിടലും നരേന്ദ്ര മോദി നിർവഹിക്കും. ദാതിയ, സത്ന വിമാനത്താവളങ്ങൾ ഉദ്ഘാടനം ചെയ്യുന്ന പ്രധാനമന്ത്രി ക്ഷിപ്ര നദിയിൽ 860 കോടി രൂപയിലധികം വിലമതിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്കും തറക്കല്ലിടും.

✪✪✪

തീവ്രവാദത്തെ ഇല്ലാതാക്കാൻ ഇന്ത്യയുടെ ഉറച്ച നിലപാടിന് ശക്തി പകരുന്നതിനായി, സർവകക്ഷി പാർലമെന്ററി പ്രതിനിധി സംഘങ്ങൾ വിവിധ രാജ്യങ്ങളിൽ സന്ദർശനം തുടരുന്നു. ഡോ. ശശി തരൂർ എം പിയുടെ നേതൃത്വത്തിൽ സംഘം കൊളംബിയയിലെത്തി.

രാജ്യത്ത് അടുത്തിടെയുണ്ടായ സംഭവവികാസങ്ങളെ കുറിച്ച് ഇന്ത്യയുടെ വീക്ഷണം കൊളംബിയയെ അറിയിച്ചതായും പാക്കിസ്ഥാന് അനുശോചനം അറിയിച്ച കൊളംബിയയുടെ പ്രസ്താവനയിൽ നിരാശ പ്രകടിപ്പിച്ചതായും ശശി തരൂർ എം പി പറഞ്ഞു. പ്രസ്താവന പിൻവലിച്ചെന്നും ഇന്ത്യക്ക് ശക്തമായ പിന്തുണ ഉറപ്പു നൽകുമെന്നും കൊളംബിയൻ മന്ത്രിമാർ അറിയിച്ചതായി ശശി തരൂർ പറഞ്ഞു.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ...

.........വോയ്സ്...........

BJP എംപി രവിശങ്കർ പ്രസാദിന്റെ നേതൃത്വത്തിൽ സംഘം നിലവിൽ ഡെൻമാർക്കിലാണ് സന്ദർശനം നടത്തുന്നത്. ഡാനിഷ് പാർലമെന്റിന്റെ വിദേശനയ സമിതി അധ്യക്ഷൻ ക്രിസ്റ്റ്യൻ ഫ്രിസ് ബാച്ചിനെയും ഡാനിഷ് എംപി ട്രൈൻ പെർട്ടു മാച്ചിനെയും സംഘം ഇന്നലെ സന്ദർശിച്ചു. ഇന്ത്യയോട് ഐക്യദാർഢ്യം പ്രകടിപ്പിച്ച ആദ്യ രാജ്യം ഡെൻമാർക്കാണെന്നും തീവ്രവാദത്തിനെതിരായ ഇന്ത്യയുടെ നിലപാട് ഡെൻമാർക്ക് മനസ്സിലാക്കുന്നുണ്ടെന്നും കൂടിക്കാഴ്ചക്ക് ശേഷം രവിശങ്കർ പ്രസാദ് പറഞ്ഞു.

ശിവസേന എം.പി ഡോ. ശ്രീകാന്ത് ഏക്നാഥ് ഷിൻഡെയുടെ നേതൃത്വത്തിൽ പ്രതിനിധി സംഘം സിയറ ലിയോൺ സന്ദർശനം പൂർത്തിയാക്കി.

DMK എംപി കനിമൊഴി നേതൃത്വം നൽകുന്ന സംഘം നിലവിൽ ലാത്വിയയിലാണ് സന്ദർശനം നടത്തുന്നത്. റിഗയിലെ നാഷണൽ ലൈബ്രറിയിൽ സ്ഥാപിച്ച മഹാത്മാഗാന്ധിയുടെ പ്രതിമയിൽ സംഘം പുഷ്പാർച്ചന നടത്തി. ലാത്വിയയിലെ ഉന്നത നേതാക്കളുമായി സംഘം കൂടിക്കാഴ്ചയും നടത്തി.

BJP എംപി ബൈജയന്ത് പാണ്ഡയുടെ നേതൃത്വത്തിൽ സർവ്വകക്ഷി സംഘം അൾജീരിയയിലും NCP-SCP എംപി സുപ്രിയ സുലെയുടെ നേതൃത്വത്തിലെ സംഘം എത്യോപ്യയിലും എത്തിച്ചേർന്നിട്ടുണ്ട്.

✪✪✪

പാചക എണ്ണകളുടെ ചില്ലറ വിൽപ്പന വില കുറയ്ക്കുന്നതിനും ആഭ്യന്തര ഉത്പാദകരെ സംരക്ഷിക്കുന്നതിനും അവയുടെ അടിസ്ഥാന കസ്റ്റംസ് തീരുവ കേന്ദ്രം പത്ത് ശതമാനമായി കുറച്ചു. അസംസ്കൃത പാം ഓയിൽ, സോയാബീൻ ഓയിൽ, സൺഫ്ലവർ ഓയിൽ എന്നിവയുടെ തീരുവയാണ് കുറച്ചത്. കുറവ് ഉടൻ പ്രാബല്യത്തിൽ വരും.

നേരത്തെ ഈ മൂന്ന് അസംസ്കൃത ഭക്ഷ്യ എണ്ണകളുടെയും തീരുവ 20 ശതമാനമായിരുന്നു.

✪✪✪

സംസ്ഥാനത്ത് തീവ്രമഴ തുടരുന്ന സാഹചര്യത്തിൽ ഇന്ന് കാസർക്കോട്, കണ്ണൂർ, എറണാകുളം, ആലപ്പുഴ ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് ഓറഞ്ച് ജാഗ്രതാ നിർദ്ദേശം നൽകി. 10 ജില്ലകളിൽ മഞ്ഞ ജാഗ്രതാ നിർദ്ദേശവും നൽകി.

കേരള - ലക്ഷദ്വീപ് തീരങ്ങളിൽ മണിക്കൂറിൽ 60 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റിന് സാധ്യതയുണ്ടെന്നും മീൻപിടുത്തക്കാർ കടലിൽ പോകരുതെന്നും മുന്നറിയിപ്പുണ്ട്.

✪✪✪

അപകടകരമായ രീതിയിൽ ജലനിരപ്പുയരുന്നതിനെ തുടർന്ന് സംസ്ഥാനത്തെ ചില നദികളിൽ ഓറഞ്ച്, മഞ്ഞ ജാഗ്രതകൾ പ്രഖ്യാപിച്ചു. അച്ചൻകോവിൽ, മണിമല, ഉപ്പള, നീലേശ്വരം, മൊഗ്രാൽ, ഷിറിയ എന്നീ നദികളിലാണ് ഓറഞ്ച് ജാഗ്രത.

തീരങ്ങളിൽ താമസിക്കുന്നവർ ജാഗ്രത പാലിക്കണമെന്ന് അധികൃതർ മുന്നറിയിപ്പ് നൽകി.

✪✪✪

കണ്ണൂരിൽ ശക്തമായ മഴ തുടരുന്നു. പലയിടത്തും വ്യാപകമായ നാശനഷ്ടമുണ്ടായി.

പയ്യന്നൂർ കാനായി മുക്കൂട് പാലത്തിന് സമീപം ഇന്നലെ രാത്രി കാർ പുഴയിൽ ഒഴുകിപ്പോയി. കാറിലുണ്ടായിരുന്ന മൂന്ന് യാത്രക്കാർ രക്ഷപ്പെട്ടു.

✪✪✪

**കണ്ണൂർ കൂത്തുപറമ്പിനടുത്ത് പാട്യം മുതിയങ്ങയിൽ തോട്ടിൽ വീണ് കാണാതായ സ്ത്രീയുടെ മൃതദേഹം കണ്ടെത്തി. മുതിയങ്ങ വിനോദ് ഭവനിൽ നളിനിയാണ് മരിച്ചത്.**

**അഗ്നിരക്ഷാ സേന നടത്തിയ തെരച്ചിലാണ് മൃതദേഹം കണ്ടെത്തിയത്.**

✪✪✪

**തൃശ്ശൂരിൽ ശക്തമായ മഴയിൽ നാല് വീടുകൾ പൂർണമായും നൂറിലധികം വീടുകൾ ഭാഗികമായും തകർന്നു. പലയിടങ്ങളിലും വെള്ളക്കെട്ട് രൂക്ഷമാണ്. ജില്ലയിൽ ഏഴ് ക്യാമ്പുകളിലായി 64 പേരെ മാറ്റിപ്പാർപ്പിച്ചു.**

**ജില്ലയിൽ KSEB ക്ക് 2,960 ലക്ഷം രൂപയുടെ നാശനഷ്ടമുണ്ടായി. 748 ലക്ഷം രൂപയുടെ കൃഷി നശിച്ചു. പൊതുമരാമത്ത് വകുപ്പിന് 13 ലക്ഷത്തി 78,000 രൂപയുടെ നഷ്ടമാണുണ്ടായത്.**

**തൃശൂർ ജില്ലയിലെ തീരദേശ മേഖലയിൽ നിരവധി വീടുകൾ വെള്ളത്തിലായി. എടത്തിരുത്തി, കയ്പമംഗലം, എടവിലങ്ങ് പഞ്ചായത്തുകളിലാണ് വെള്ളക്കെട്ട് രൂക്ഷമായത്.**

**തീരദേശ മേഖലകളിൽ നേരിയ തോതിലുള്ള കടലാക്രമണവും ശക്തമാണ്.**

✪✪✪

**മഴ തുടരുന്ന സാഹചര്യത്തിൽ, തൃശൂർ വാഴാനി അണക്കെട്ടിന്റെ ഷട്ടറുകൾ തുറന്നു. ഡാമിലെ ജലനിരപ്പ് സുരക്ഷിതമായ അളവിൽ ക്രമീകരിക്കുന്നതിനായി ഇന്ന് രാവിലെ 6 മണിക്കാണ് സ്ലൂയിസ് വാൽവ് തുറന്ന് അധികജലം വടക്കാഞ്ചേരി പുഴയിലേക്ക് ഒഴുക്കിത്തുടങ്ങിയത്. വൈകീട്ട് ആറ് വരെ ഇത് തുടരും.**

**ഇതുമൂലം വടക്കാഞ്ചേരി പുഴയിലെ ജലനിരപ്പ് ഉയരാൻ സാധ്യതയുള്ളതിനാൽ സമീപവാസികൾ ജാഗ്രത പുലർത്തണം എന്നും മുന്നറിയിപ്പുണ്ട്.**

✪✪✪

**ആലപ്പുഴ ഹരിപ്പാട് പള്ളിപ്പാട്ട് ഫൈബർ വള്ളം മറിഞ്ഞ് മീൻ പിടിക്കാൻ പോയ യുവാവ് മരിച്ചു. പിലാപ്പുഴ ചക്കാട്ട് കിഴക്കതിൽ സ്റ്റീവ് ആണ് മരിച്ചത്.**

**രാത്രി രണ്ട് മണിയോടെയായിരുന്നു അപകടം.**

✪✪✪

പത്തനംതിട്ട ജില്ലയിലെ അപ്പർ കുട്ടനാടൻ മേഖല ഉൾപ്പെടെ താഴ്ന്ന പ്രദേശങ്ങളിൽ വെള്ളം കയറി. തിരുവല്ല - അമ്പലപ്പുഴ സംസ്ഥാന പാതയിലും വെള്ളം കയറി. KSRTC ബസ് അടക്കം സർവീസുകൾ നിർത്തിവച്ചു. ജില്ലയിൽ 31 ദുരിതാശ്വാസ ക്യാമ്പുകളിലായി കഴിയുന്നത് 568 പേരാണ്.

തിരുവല്ല, കോഴഞ്ചേരി, മല്ലപ്പള്ളി, അടൂർ, കോന്നി താലൂക്കുകളിൽ 31 ദുരിതാശ്വാസ ക്യാമ്പുകളിലായി 182 കുടുംബങ്ങളിലെ 568 പേരാണുള്ളത്.

✪✪✪

കൊല്ലം ജില്ലയിലെ ആദിച്ചനല്ലൂരിൽ ഒരു ദുരിതാശ്വാസ ക്യാമ്പ് തുറന്നു. വീടുകളിൽ വെള്ളം കയറിയതിനെത്തുടർന്ന് രണ്ട് കുടുംബങ്ങളെ ക്യാമ്പിലേക്ക് മാറ്റി. പലയിടത്തും കാറ്റിൽ മരങ്ങൾ വീണു.

✪✪✪

കൊല്ലം ഓയൂരിൽ ശക്തമായ മഴയിൽ ബൈക്ക് നിയന്ത്രണംവിട്ട് KSRTC ബസിൽ ഇടിച്ചുകയറി ബൈക്ക് യാത്രികൻ മരിച്ചു.

ഓയൂർ സ്വദേശി തങ്കച്ചൻ ആണ് മരിച്ചത്.

✪✪✪

തിരുവനന്തപുരം ജില്ലയിൽ തുടർച്ചയായി പെയ്യുന്ന കനത്ത മഴയിലും കാറ്റിലും മലയോര മേഖലയിലും തീരപ്രദേശങ്ങളിലും ഉൾപ്പടെ വ്യാപക നാശനഷ്ടമുണ്ടായി. നൂറോളം വീടുകൾക്ക് കേടുപാടുകൾ സംഭവിച്ചു. പത്തോളം വീടുകൾ പൂർണമായും തകർന്നു.

കനത്ത മഴയെ തുടർന്ന് ജനശതാബ്ദി ഉൾപ്പെടെ ട്രെയിനുകൾ വൈകി ഓടുകയാണ്. വിഴിഞ്ഞത്ത് ഇന്നലെ മത്സ്യ ബന്ധനത്തിനു പോയി കാണാതായ 9 പേർക്കായി തിരച്ചിൽ തുടരുകയാണ്.

ജില്ലയിൽ രണ്ട് ദുരിതാശ്വാസ ക്യാമ്പുകളിലായി 11 പേരെ താമസിപ്പിച്ചിട്ടുണ്ട്.

✪✪✪

കനത്ത മഴയിലും കാറ്റിലും പേരൂർക്കട ASP ക്യാമ്പിൽ മരം വീണ് മൂന്ന് പോലീസുകാർക്ക് പരിക്കേറ്റു. ഒരു എസ് ഐയ്ക്കും ഹവീൽദാറിനും ട്രെയിനിക്കുമാണ് പരിക്കേറ്റത്.

✪✪✪

സംസ്ഥാനത്ത് തുടരുന്ന ശക്തമായ കാറ്റിലും മഴയിലും KSEBക്ക് വൻനാശനഷ്ടം. നിലവിലെ കണക്കുകൾ പ്രകാരം 2,656 ഹൈടെൻഷൻ പോസ്റ്റുകളും, 19,513 ലോടെൻഷൻ പോസ്റ്റുകളും തകർന്നു.

വിതരണ മേഖലയിൽ ഏകദേശം 138 കോടി 87 ലക്ഷം രൂപയുടെ നഷ്ടമാണ് ഉണ്ടായത്.

✪✪✪

ഇടത്, വലത് മുന്നണികൾ സ്ഥാനാർഥികളെ പ്രഖ്യാപിച്ചതോടെ ഉപതിരഞ്ഞെടുപ്പ് നടക്കുന്ന നിലമ്പൂർ നിയമസഭാ മണ്ഡലത്തിൽ പ്രചാരണം സജീവമാകുന്നു. UDF സ്ഥാനാർഥി ആര്യാടൻ ഷൗക്കത്ത് ഇന്ന് നാമനിർദേശ പത്രിക സമർപ്പിക്കും. നിലമ്പൂരിലെത്തിയ LDF സ്ഥാനാർഥി M സ്വരാജിന് പ്രവർത്തകർ ഊഷ്മള സ്വീകരണം നൽകി. NDA സ്ഥാനാർഥിയെ ഇതുവരെ പ്രഖ്യാപിച്ചിട്ടില്ല.

✪✪✪

നിലമ്പൂരിലെ UDF തീരുമാനം P.V അൻവറിനെ മുന്നണി കൺവീനർ അറിയിച്ചതായാണ് വിവരമെന്ന് കോൺഗ്രസ് നേതാവ് രമേശ് ചെന്നിത്തല പറഞ്ഞു. P.V അൻവർ UDF നെ അംഗീകരിക്കണമെന്നും അദ്ദേഹത്തെ UDF ലെ ആരും അവഗണിച്ചിട്ടില്ലെന്നും അദ്ദേഹം കോഴിക്കോട്ട് മാധ്യമങ്ങളോട് പറഞ്ഞു.

അൻവർ CPIM നെതിരെ ശക്തമായി നിലപാട് എടുത്ത വ്യക്തിയായതിനാൽ അദ്ദേഹത്തെ ചേർത്ത് നിർത്തണം എന്ന് തന്നെയാണ് നിലപാടെന്നും ചർച്ചകൾ നടക്കുകയാണെന്നും ചെന്നിത്തല വ്യക്തമാക്കി.

✪✪✪

നിലമ്പൂർ ഉപതിരഞ്ഞെടുപ്പിൽ മൽസരിക്കാനോ UDF ൽ ചേരാനോ ഇല്ലെന്ന് P.V അൻവർ പറഞ്ഞു. തന്നെ ആരും ഇനി ചർച്ചയ്ക്ക് വിളിക്കരുതെന്നും അൻവർ മാധ്യമങ്ങളോട് വ്യക്തമാക്കി.

നിലമ്പൂരിൽ ആർക്ക് വോട്ട് ചെയ്യണമെന്ന് ജനം തീരുമാനിക്കട്ടെ. CPIM മായി ഒരു ചർച്ചയ്ക്കും ഇല്ലെന്നും അൻവർ കൂട്ടിച്ചേർത്തു.

✪✪✪

ഏഴിമല ഇന്ത്യൻ നാവിക അക്കാദമിയിൽ പരിശീലനം പൂർത്തിയാക്കിയ കേഡറ്റുകളുടെ പാസിംഗ് ഔട്ട് പരേഡിൽ ദക്ഷിണ നാവികസേന മേധാവി വൈസ് അഡ്മിറൽ വി ശ്രീനിവാസ് മുഖ്യാതിഥിയായി. പരേഡ് വീക്ഷിച്ച അദ്ദേഹം ക്യാഡറ്റുകളുടെ മാർച്ച് പാസ്റ്റിൽ സല്യൂട്ട് സ്വീകരിച്ചു.

രാജ്യത്തിനു വേണ്ടി സേവനമനുഷ്ഠിക്കുന്നത് അഭിമാനത്തോടെയും ബഹുമാനത്തോടെയും ആയിരിക്കണമെന്ന് വൈസ് അഡ്മിറൽ ശ്രീനിവാസ് പറഞ്ഞു. മക്കളെ രാജ്യസേവനത്തിന് വേണ്ടി പറഞ്ഞയച്ച രക്ഷിതാക്കളോട് നന്ദി അറിയിക്കുന്നതായും അദ്ദേഹം വ്യക്തമാക്കി.

187 കാഡറ്റുകളാണ് പരിശീലനം പൂർത്തിയാക്കിയത്. ഇതിൽ 42 വനിതാ കാഡറ്റുകളും ഉൾപ്പെടും.

✪✪✪

IPL ക്രിക്കറ്റിൽ നാളെ പഞ്ചാബ് കിങ്സ്, മുംബൈ ഇന്ത്യൻസിനെ നേരിടും. ഗുജറാത്തിൽ വൈകീട്ട് 7.30 നാണ് മത്സരം.

ഇന്നലെ ഗുജറാത്ത് ടൈറ്റൻസിനെ 20 റൺസിന് പരാജയപ്പെടുത്തി മുംബൈ ഇന്ത്യൻസ് രണ്ടാം ക്വാളിഫയറിലെത്തി.

✪✪✪

ഇന്ന് ലോക പുകയില വിരുദ്ധ ദിനം. പുകയില ഉപയോഗത്തിന്റെ ദോഷങ്ങളെക്കുറിച്ച് അവബോധം വളർത്തുന്നതിനാണ് ഈ ദിനം ആചരിക്കുന്നത്. പുകയിലയുടെ ദുരന്തവും അത് മൂലമുണ്ടാകുന്ന തടയാൻ സാധിക്കുന്ന മരണങ്ങളും രോഗങ്ങളും ലോകശ്രദ്ധയിലേക്ക് കൊണ്ടുവരിക എന്ന ലക്ഷ്യത്തോടെ 1987-ലാണ് ആദ്യമായി ലോക പുകയില വിരുദ്ധ ദിനം ആചരിച്ചത്.

✪✪✪

കോഴിക്കോട് കോർപറേഷൻ അഴിമതിക്കും ദുർഭരണത്തിനുമെതിരെ കോൺഗ്രസ് കോർപറേഷൻ വളയൽ സമരം നടത്തി.

മുതിർന്ന കോൺഗ്രസ് നേതാവ് രമേശ് ചെന്നിത്തല ഉദ്ഘാടനം ചെയ്തു. 50 വർഷം കോർപ്പറേഷൻ ഭരണം നടത്തിയിട്ടും കോഴിക്കോട് നഗരത്തിന് കാര്യമായ മാറ്റം വരുത്താൻ CPIM ന് സാധിച്ചിട്ടില്ലെന്ന് അദ്ദേഹം ആരോപിച്ചു.

✪✪✪

വയനാട് കമ്പളക്കാട് പള്ളിമുക്ക് സിനിമാഹാളിന് സമീപം റോഡരികിൽ പാൽ വാങ്ങാൻ കാത്തു നിൽക്കുകയായിരുന്ന യുവതി ക്രൂയിസർ ജീപ്പിടിച്ച് മരിച്ചു. കമ്പളക്കാട് പുത്തൻ തൊടുക ദിൽഷാനയാണ് മരിച്ചത്. പുലർച്ചെയായിരുന്നു സംഭവം.

✪✪✪

തലശ്ശേരി അതിരൂപതയ്ക്ക് കീഴിലെ വിളക്കന്നൂർ ക്രിസ്തുരാജ ദേവാലയത്തിൽ തിരുവോസ്തിയിൽ പതിഞ്ഞ ക്രിസ്തുവിന്റെ മുഖം ദിവ്യകാരുണ്യ അടയാളമായി വത്തിക്കാന്റെ ഔദ്യോഗിക പ്രഖ്യാപനം ഇന്ന് നടക്കും. ഇന്ത്യയിലെ വത്തിക്കാൻ സ്ഥാനപതി ആർച്ച് ബിഷപ്പ് ഡോ. ലെയോ പോൾ ദോജി റെല്ലി പ്രഖ്യാപനം നടത്തും.

✪✪✪

പാലക്കാട് അട്ടപ്പാടിയിൽ കാട്ടാന ആക്രമണത്തിൽ പരിക്കേറ്റ് ചികിത്സയിൽ കഴിഞ്ഞിരുന്ന വയോധികൻ മരിച്ചു. ചീരക്കടവ് സ്വദേശി മല്ലനാണ് മരിച്ചത്. ഇന്നലെ പശുവിനെ മേയ്ക്കാൻ വീടിനു സമീപത്തെ കാട്ടിലേക്ക് പോയ മല്ലനെ കാട്ടാന ആക്രമിക്കുകയായിരുന്നു.

✪✪✪

കഞ്ചിക്കോട് ജനവാസ മേഖലയിൽ ഭീതി പടർത്തുന്ന കാട്ടാനയെ കാടുകയറ്റാൻ നടപടി തുടങ്ങി. ധോണിയിൽ നിന്ന് വനം വകുപ്പ് എത്തിച്ച അഗസ്ത്യൻ എന്ന കുങ്കിയാനയും ദൗത്യത്തിൽ പങ്കെടുക്കുന്നുണ്ട്.

കഞ്ചിക്കോട്ടെ മലയപ്പള്ളം മേഖലയിലാണ് ആന നിലയുറപ്പിച്ചിരിക്കുന്നത്.

✪✪✪

---

*News Editor: സയ്യിദ് അലി ശിഹാബ്*
*News Reader: രജ്ന കെ*
*News Team: അനുഷ ആത്മപ്രകാശ്,*
*DEO : ഷീബ*